Day 59 of 90 days ✝✝✝ 23rd December 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

സ്നേഹിതാ, ആത്മീയദാഹം ശമിപ്പിക്കുവാൻ പര്യാപ്തനായ ഒരുവനേയുള്ളു. അത് നമ്മുടെ നല്ല ഇടയനായ യേശുവാണ്. അവനെ സമീപിക്കുക. അത് മാത്രമേ നമുക്ക് കാരണീയമായിട്ടുള്ളു. മററു പലർ, സ്വന്തപരിശ്രമത്താൽ ഈ ജീവജലം കണ്ടെത്തുവാൻ ശ്രമിക്കുന്നുണ്ട്. അവരെപ്പററി വിശുദ്ധ വേദപുസ്തകം വ്യക്തമായി പറയുന്നു. യിരമ്യപ്രവചനം 2-ാം അദ്ധ്യായത്തിൽ 13-ാം വാക്യം ശ്രദ്ധിക്കുക. അവിടെ പ്രവാചകൻ ഇപ്രകാരം പറയുന്നു, 'എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു വെള്ളമില്ലാത്ത കിണറുകളെ, പൊട്ടകിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു'. ദൈവജനമെന്ന്, ഇന്നത്തെ ഭാഷയിൽ ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്നവർ ചെയ്യുന്ന ഭയങ്കരമായ ദോഷത്തെപ്പററിയാണ് ഇവിടെ പ്രവാചകൻ പറയുന്നത്. ജീവന്റെ ഉറവിടമായ യേശു ഒരുക്കിയിരിക്കുന്ന മാർഗ്ഗം അവർക്കു വേണ്ടാ, അതിനെ മാററി വെച്ചിട്ട് തങ്ങൾ തന്നെ ആവശ്യമായ വെള്ളം കണ്ടുപിടിക്കാമെന്ന് ചിന്തിച്ച് ആ നിലയിൽ പരിശ്രമിക്കുന്നു.

അങ്ങനെ അവർ ദൈവവചനത്തിൽ നിന്നും അന്യപ്പെട്ട് തങ്ങളുടേതായ കിണറുകൾ കുഴിക്കുവനായി ശ്രമിക്കുന്നു. അഹോരാത്രം അതിനുവേണ്ടി അദ്ധ്വാനിക്കുന്നു. പക്ഷെ, തങ്ങൾ കുഴിക്കുന്നതോ വെറും പൊട്ടകിണറുകൾ മാത്രം. ദൈവവചനവും ദൈവം വച്ചിരിക്കുന്ന വ്യവസ്ഥകളും വിട്ടിട്ട് സ്വന്തം സമുദായത്തിന്റെ പാരമ്പര്യത്തിനും അനുഷ്ഠാനങ്ങൾക്കും പഠിപ്പിക്കലിനും അനുസരിച്ചുള്ള പൊട്ടകിണറുകളെ കുഴിച്ചുകൊണ്ടിരിക്കുന്ന അനേകരെ ഇന്നു കാണുവാൻ കഴിയും. തങ്ങൾ കുഴിക്കുന്ന കിണററിൽ എന്നെങ്കിലും വെള്ളം കണ്ടെത്തുമെന്നായിരിക്കാം അവർ വിചാരിക്കുന്നത്. എന്നാൽ കുഴിക്കുന്നത് പൊട്ടക്കിണറുകൾ മാത്രമാണ്. ദൈവവചനത്തിന്റെ വ്യവസ്ഥ വിട്ട് ആത്മീയശാന്തിയും പോഷണവും കണ്ടെത്താമെന്ന് ചിന്തിച്ച് കഴിയുന്ന സ്നേഹിതാ, ശ്രദ്ധിക്കുക ശരിയായ ജലം ഏതെന്ന് ഇടയനു മാത്രമേ അറിയാവൂ. അത് അവൻ കരുതിയിട്ടുണ്ട്. നാം തന്നെ അത് കുഴിക്കേണ്ടതില്ല. അതെല്ലാം ഇടയൻ ശ്രദ്ധിക്കുന്നുണ്ട്. ആ ഇടയനെ അനുഗമിക്കുക. ആ നല്ല ഉറവയിൽ നാം നിഷ്പ്രയാസം എത്തിച്ചേരും.

തുടരും....